"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം - വെള്ളറട വേലായുധ പണിക്കർ മെമ്മോറിയൽ ഹൈസ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ഷൈജു വൈ. ഫയൽ ചെയ്ത നം.28126/2013 നമ്പർ റിട്ട് ഹർജിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം - പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്

സ.ഉ.(സാധാ) നം.2633/2025/GEDN തീയതി,തിരുവനന്തപുരം, 15-04-2025

പരാമർശം:-
1. ശ്രീമതി. തങ്കം സർക്കാരിൽ സമർപ്പിച്ച 3/12/2012ലെ റിവിഷൻ പെറ്റിഷൻ
2. സർക്കാർ ഉത്തരവ് (ആർ.റ്റി) നമ്പർ 4479/2013/പൊ.വി.വ തീയതി 25.10.2013(Ext.P4)
3. റിട്ട് ഹർജി നം.28126/2013-ൽ 07.06.2024 തീയതി ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12/8/2024,15/8/2024 തീയതികളിലെ നമ്പർ ഹിയറിങ് റിപ്പോർട്ടുകൾ
5. തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 14/8/2024ലെ DDE/6337/2024/B5 നമ്പർ ഹിയറിങ് റിപ്പോർട്ട്

ഉത്തരവ്

തിരുവനന്തപുരം വെള്ളറട വേലായുധ പണിക്കർ മെമ്മോറിയൽ ഹൈസ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ഷൈജു വൈ. ഫയൽ ചെയ്ത 28126/2013 നമ്പർ റിട്ട് പെറ്റിഷനിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം.3 വിധിന്യായത്തിൽ, പരാമർശം (2) ഉത്തരവ് റദ്ദാക്കുകയും ഹർജിക്കാരൻ, 5, 6 എതിർ കക്ഷികൾ എന്നിവരെ നേരിൽ കേട്ട് പരാമർശം (1) റിവിഷൻ ഹർജി പുനഃപരിശോധിച്ച് 4 മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കാൻ ഒന്നാം എതിർ കക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകുകയുണ്ടായി.

2. സർക്കാർ ഈ വിഷയത്തിൽ 13.08.2024 തീയതി ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

3. ഹർജിക്കാരൻ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ ഹിയറിംഗ് വേളയിൽ ചുവടെ പറയുന്ന വാദങ്ങൾ ഉന്നയിച്ചു.

ഹർജിക്കാരന്റെ വാദഗതികളുടെ സംഗ്രഹം ചുവടെ ചേർക്കുന്നു.

4. ടി സ്കൂളിൽ എഫ്.ടി.എം തസ്തികയിൽ നിന്നും നേരിട്ട് ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥനക്കയറ്റം നേടിയ ശ്രീമതി. തങ്കം എന്നവർക്ക് തസ്തിക നഷ്ടം വന്നപ്പോൾ ഓഫീസ് അറ്റെൻഡന്റ് ആയി റിവർട്ട് ചെയ്യപ്പെടുകയും ഓഫീസ് അറ്റെൻഡന്റ് ആയി ജോലി ചെയ്യ വന്നിരുന്ന ഹർജ്ജിക്കാരന് എഫ്.ടി.എം തസ്തികയിലേയ്ക്ക് റിവേർട്ട് ചെയ്യേണ്ടതായും വന്നിരുന്നു.

5. പ്രസ്തുത നടപടിക്കെതിരെ ശ്രീ. ഷൈജു 2013 ൽ കോടതിയിൽ റിട്ട് ഫയൽ ചെയ്തിരുന്നുവെങ്കിലും വിധിന്യായം വന്നത് 07.06.2024ൽ മാത്രമാണ്. കേസ് ഫയൽ ചെയ്തതിനും അതിലെ വിധിന്യായം പുറത്തു വരുന്നതിനും ഇടയിലെ ദീർഘമായ കാലയളവിനുള്ളിൽ തന്നെ ശ്രീമതി. തങ്കം ലാബ് അറ്റൻഡറായി പ്രൊമോട്ട് ചെയ്യപ്പെടുകയും സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്തു. അതുപോലെ അന്നത്തെ സ്കൂൾ മാനേജർ മരണപ്പെടുകയും ചെയ്തു. സ്കൂളിലുണ്ടായ പുതിയ ഹയർ സെക്കന്ററി ബാച്ച് അനുവദിച്ചപ്പോൾ തന്നെ ഓഫീസ് അറ്റൻഡറായി പ്രൊമോട്ട് ചെയ്യപ്പെട്ടു.

6. താൻ റിവേർട്ട് ചെയ്യപ്പെട്ട തീയതി മുതൽ ഒ എ തസ്തികയിലെ നിയമനം അംഗീകരിക്കണമെന്നതാണ് ഹർജ്ജിക്കാരന്റെ ആവശ്യം. സർക്കാർ ഉചിതമായ നടപടി സ്വീകരിച്ച് ഈ വിഷയം തീർപ്പാക്കി ഉത്തരവാകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരികളുടെ റിപ്പോർട്ട് ഇപ്രകാരമാണ്

7. 2013-ൽ ശ്രീമതി. തങ്കത്തെ ഓഫീസ് അറ്റന്റൻഡന്റ് ആയി നിലനിർത്തിയ തസ്തിക ആണ് ശ്രീ.ഷൈജു ആവശ്യപ്പെട്ടത്. എന്നാൽ ശ്രീമതി തങ്കം 15.01.2018 വരെ ഓഫീസ് അറ്റൻഡന്റ് ആയി തുടരുകയും ശമ്പളം കൈപ്പറ്റുകയും ചെയ്തു. തുടർന്ന് ശ്രീമതി തങ്കത്തിന് ലാബ് അസ്സിസ്റ്റന്റായി 16.01.2018 മുതൽ നിയമന അംഗീകാരം ലഭിക്കുകയും ശ്രീമതി തങ്കത്തിന്റെ ഓഫീസ് അറ്റന്റൻഡന്റ് തസ്തികയിലേയ്ക്ക് ശ്രീ.ഷൈജുവിന് 16.01.2018 മുതൽ ഓഫീസ് അറ്റന്റൻഡന്റ് ആയി നിയമനാംഗീകാരം ലഭിക്കുകയും നിലവിൽ ഓഫീസ് അറ്റൻഡന്റ് ആയി തുടർന്ന് വരികയും ചെയ്യുന്നു. ശ്രീമതി തങ്കം 31.05.2020-ൽ ലാബ് അസിസ്റ്റന്റ് തസ്തികയിൽ തുടർന്നു വരവേ വിരമിച്ചു. ശ്രീ.വൈ.ഷൈജുവിനു നിലവിൽ 2013 മുതൽ ഓഫീസ് അറ്റൻഡന്റ് തസ്തിക നൽകാൻ നിർവ്വാഹമില്ല. ടി സ്കൂൾ വ്യക്തിഗത മാനേജ്മെന്റ് ഗണത്തിൽപ്പെടുന്ന സ്കൂൾ ആണ്. 2013 മുതലുള്ള ലഭ്യമായ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 2013 മുതൽ 15.01.2018 വരെ ശ്രീമതി തങ്കം ശമ്പളം കൈപ്പറ്റിക്കഴിഞ്ഞു. ആയതിനാൽ ശ്രീ.വൈ.ഷൈജുവിന്റെ നിയമനം 2013 മുതൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ പരിഗണിക്കുവാനുള്ള സാധ്യത കാണുന്നില്ല.

ഈ വിഷയം പരിശോധിച്ചതു സംബന്ധിച്ച വസ്തുതകൾ ചുവടെ ചേർക്കുന്നു.

8. ടി സ്കൂളിൽ 1.11.2001 മുതലാണ് ഹർജിക്കാരനായ ശ്രീ. വൈ. ഷൈജു എഫ്.ടി.എം. ആയി നിയമനാംഗീകാരം നേടിയത്.. പിന്നീട് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ, മരണം മൂലമുണ്ടായ ഒഴിവിലേയ്ക്ക് ഹർജിക്കാരന് സ്ഥാനക്കയറ്റം നൽകുകയും ആയതിനും അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

9. എന്നാൽ പ്രസ്തുത സ്കൂളിൽ 18.03.1999 മുതൽ എഫ്.ടി.എം. ആയി

നിയമനാംഗീകാരത്തോടെ ജോലി ചെയ്തുവന്നിരുന്ന ശ്രീമതി തങ്കത്തിനെ 01.06.2006 മുതൽ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകുകയും അംഗീകാരം ലഭിക്കുകയും ചെയ്ത വരവേ, ടി ക്ലറിക്കൽ തസ്തിക 2010-11 വർഷത്തെ തസ്തിക നിർണ്ണയത്തിൽ നഷ്ടപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാരിയെ എഫ്.ടി.എം ആയി റിവേർട്ട് ചെയ്തിരുന്നു. ഹർജിക്കാരൻ എഫ്.ടി.എം. ആയി ജോലിയിൽ പ്രവേശിച്ചത് 01.11.2001 ലും ശ്രീമതി തങ്കം എഫ്.ടി.എം ആയി ജോലിയിൽ പ്രവേശിച്ചത് 18.03.1999 ലും ആണ്. ആയതിനാൽ സീനിയർ ആയ തന്നെ, ഹർജിക്കാരൻ തുടർന്നുവന്നിരുന്ന ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലനിർത്തണമെന്ന് ടിയാൾ സർക്കാരിൽ റിവിഷൻ പെറ്റീഷൻ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. തങ്കത്തിന്റെ അപേക്ഷ അംഗീകരിക്കുകയും അതു പ്രകാരം ഹർജിക്കാരനെ എഫ്.ടി.എം. ആയി റിവേർട്ട് ചെയ്തുകൊണ്ട് ശ്രീമതി തങ്കത്തിനെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് മാറ്റി നിയമിക്കുവാൻ ഉത്തരവാകുകയും ചെയ്തിരുന്നു. 17.06.2005-ലെ G.O.(P) No. 187/2005-ന്റെ അടിസ്ഥാനത്തിലായിരുന്നു സർക്കാർ ടി തീരുമാനം കൈക്കൊണ്ടത്. പ്രസ്തുത സ്കൂളിൽ ശ്രീമതി തങ്കം ഹർജിക്കാരനെക്കാളും സീനിയർ ആയതിനാൽ 51 എ അവകാശി എന്ന നിലയിലും ടിയാരി ഹർജിക്കാരനെക്കാൾ സീനിയർ ആയിരുന്നു എന്നതിനാലാണ് മേൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിനെതിരെയാണ് ഹർജിക്കാരൻ ബഹു.ഹൈക്കോടതി മുൻപാകെ WP(C) 28126/2013 റിട്ട് ഹർജി ഫയൽ ചെയ്തിട്ടുള്ളത്. മേൽ കേസിന്മേലുള്ള വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളത് 7/6/2024 തീയതിയിലാണ്. ടി ഉത്തരവിലെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു.

" In the result, this writ petition is allowed . Ext.P4 order of the 1st respondent is quashed. The 1st respondent shall rehear the revision petition dated 03.12.2012 filed by the 6th respondent and pass fresh orders. The petitioner, and respondents 5 and 6 shall be put on notice and to be heard before orders are passed. The status quo prevailing since the passing of Ext.P4 order shall continue till fresh orders are passed by the 1st respondent. Let orders be passed within a period of three months from he date of receipt of a copy of this judgment "

10. 2013-ലാണ് ഹർജിക്കാരൻ തന്നെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലനിർത്തുന്നത് സംബന്ധിച്ച് കേസ് ഫയൽ ചെയ്തിട്ടുള്ളത്. ടി കേസിലെ വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളത് 7/6/2024 ൽ ആണ്. ടി കാലയളവിനുള്ളിൽ ശ്രീമതി തങ്കം 15.01.2018 വരെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ തുടരുകയും ശമ്പളം കൈപ്പറ്റുകയും ചെയ്തിട്ടുള്ളതാണെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. തുടർന്ന് ശ്രീമതി തങ്കത്തിന് 16.01.2018 മുതൽ ലാബ് അസിസ്റ്റന്റായി നിയമനാംഗീകാരം ലഭിക്കുകയും പിന്നീട് 31.05.2020-ൽ ലാബ് അസിസ്റ്റന്റ് ആയി സേവനത്തിൽ നിന്നും വിരമിക്കുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ നിലവിൽ 2013 മുതൽ ഹർജിക്കാരനെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമിക്കണമെന്ന അപേക്ഷ പരിഗണിയ്ക്കുവാൻ കഴിയുകയില്ല. കൂടാതെ ടി സ്കൂൾ വ്യക്തിഗത മാനേജ്മെന്റ് ഗണത്തിൽപ്പെടുന്ന ഒന്നായതിനാൽ തന്നെ മറ്റൊരു സ്കൂളിൽ നിയമനാംഗീകാരം നൽകുവാനും സാഹചര്യമില്ല. കൂടാതെ 2013 മുതൽ 15.01.2018 വരെ ശ്രീമതി തങ്കം ടി ഒഫീസ് അറ്റൻഡന്റ് തസ്തികയിലെ ശമ്പളം കൈപ്പറ്റി കഴിഞ്ഞിട്ടുള്ളതാണ്. മേൽ വിവരം തനിയ്ക്കും ബോധ്യപ്പെട്ടിട്ടുള്ളതായി ഹർജിക്കാരനും ഹിയറിംഗിൽ അറിയിച്ചിട്ടുണ്ട്.

11. മേൽ സാഹചര്യത്തിൽ, 2013 മുതലുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം അംഗീകരിക്കണമെന്ന ശ്രീ. ഷൈജു.വൈ-യുടെ ആവശ്യം നിരസിച്ച് കൊണ്ട് അതു പ്രകാരം ടിയാൻ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 28126/2013 മേലുള്ള 07.06.2024 തീയതി ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയകുമാർ സി എസ്
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം).
ശ്രീ.വൈ.ഷൈജു, ഓഫീസ് അറ്റൻഡന്റ്, വി.പി.എം.എച്ച്.എസ്., വെള്ളറട, തിരുവനന്തപുരം.
ശ്രീമതി.കെ.തങ്കം,വി.പി.എം.എച്ച്.എസ്., വെള്ളറട, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ , തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
സെക്ഷൻ ഓഫീസർ
Date: 16-04-2025 11:05:55